26-09-2021

SUNDAY ഞായറാഴ്ച

# FIB FARM NEWS

## എഫ് ഐ ബി കാർഷിക വാർത്തകൾ



## FARM INFORMATION BUREAU


AGRICULTURE DEVELOPMENT AND FARMER'S WELFARE DEPARTMENT

GOVERNMENT OF KERALA

Chief Editor : George Sebastian Editor : Dr Asha T T

Farm Information Bureau, Kowdiar, Thiruvananthapuram -695003

Website : fibkerala.gov.in; E-mail: piofibvm@gmail.com, fibnewstvm@gmail.com

Telephone : 0471 - 2318186, 2317314

**GOVERNMENT OF KERALA**
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

# FARM INFORMATION BUREAU

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

## എഫ് ഐ ബി കാർഷികവാർത്തകൾ (FIB FARM NEWS) -26/09/2021

1. കൃഷിവകുപ്പിന്റെ 2021-22 ലെ വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി കർഷകരുടെ ഉൽപ്പന്നങ്ങൾക്ക് വിപണി ലഭ്യമാക്കുന്നതിനും ശാക്തീകരണ ശൃംഖല ഉറപ്പാക്കുന്നതിനും, കാർഷിക ഉൽപ്പന്നങ്ങളുടെ സംഭരണം, ശേഖരണം, സംസ്ക്കരണം, വിപണനം എന്നീ സംവിധാനങ്ങൾ ശാക്തീകരിക്കുന്നതിനും കോഴിക്കോട് ജില്ലയിൽ പുതിയ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കുന്നു. നൂതന പദ്ധതികൾ താഴെ പറയുന്നു.

a) കണ്ടെയ്നർ മോഡ് പ്രോക്യൂർമെന്റ് പ്രോസസിംഗ് സെന്റർ സിസിഎംപിസി പദ്ധതി പ്രകാരം (CCMPC) പ്രൈമറി അഗ്രി ക്രെഡിറ്റ് സൊസൈറ്റികൾക്ക് 50% (പരമാവധി 4.5 ലക്ഷം രൂപ) ആണ് ധനസഹായം. പ്രൈമറി അഗ്രി ക്രെഡിറ്റ് സൊസൈറ്റികൾ അപേക്ഷകരായി ഇല്ലാത്തപക്ഷം സ്റ്റാർട്ടപ്പുകൾ/കുടുംബശ്രീയൂണിറ്റുകൾ/ഹോർട്ടികോർപ്പുകൾ എന്നിവരെയും ഗുണഭോക്താക്കളായി പരിഗണിക്കും.

b) പഴം പച്ചക്കറികൾ മറ്റു കാർഷിക വിഭവങ്ങൾ എന്നിവ സംഭരിച്ച് ശീതീകരിച്ച് കേടുകൂടാതെ സൂക്ഷിച്ച് വിപണന ശൃംഖലയിലേക്ക് എത്തിക്കുന്നതിനായി ഊഷ്മാവ്/താപനിയന്ത്രണ സൗകര്യമുള്ള വാൻ വാങ്ങുന്നതിനുള്ള പദ്ധതി പ്രകാരം പ്രൈമറി അഗ്രി ക്രെഡിറ്റ് സൊസൈറ്റികൾക്ക് 50% (പരമാവധി 4 ലക്ഷം രൂപ) ആണ് സബ്സിഡി. പ്രൈമറി അഗ്രി ക്രെഡിറ്റ് സൊസൈറ്റികൾ തൽപരരാകാത്ത പക്ഷം സ്റ്റാർട്ട് അപ്പുകൾ, കുടുംബശ്രീ യൂണിറ്റുകൾ, എസ്.എച്ച്.ജി/എഫ്.പി.ഒ/പഞ്ചായത്തുകൾ/ ഇക്കോഷോപ്പുകൾ/ഹോർട്ടികോർപ്പ് എന്നിവർക്കും ഗുണഭോക്താക്കളാകാം.

c) കർഷകർക്ക്/കർഷകഗ്രൂപ്പുകൾക്ക്/എസ്.എച്ച്.ജി/എഫ്.പി.ഒ എന്നിവർക്ക് പഴം, പച്ചക്കറി, കിഴങ്ങുവർഗ്ഗങ്ങൾ/നാളികേരം എന്നിവയുടെ പ്രോസസ്സിംഗ്/മൂല്യവർദ്ധിത ഉൽപ്പന്നങ്ങളുടെ യൂണിറ്റുകൾ

ഫാം ഇൻഫർമേഷൻ ബ്യൂറോ, തിരുവനന്തപുരം

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

സ്ഥാപിക്കുന്നതിനുള്ള ധനസഹായ പദ്ധതിയിൽ 50% ആണ് സബ്സിഡി തുക ബാക്കി തുകയിൽ 40% എസ്.എച്ച്.എം (SHM), സ്മാം (SMAM), പദ്ധതികളിൽ നിന്നും കണ്ടെത്താൻ വ്യവസ്ഥയുണ്ട്.

d) മൂല്യവർദ്ധിത ഉൽപന്നങ്ങൾ ഉണ്ടാക്കുന്നതിന് ഇൻക്യുബേഷൻ സെന്ററുകൾ സ്ഥാപിക്കുന്നതിനുള്ള ധനസഹായ പദ്ധതിയിൽ പ്രൈമറി അഗ്രി ക്രെഡിറ്റ് സൊസൈറ്റി/സ്റ്റാർട്ട് അപ്പുകൾ/എസ്.എച്ച്.ജി(SHG)/എഫ്.പി.ഒ എന്നിവയ്ക്ക് അപേക്ഷ സമർപ്പിക്കാം. ആവശ്യാധിഷ്ഠിത ധനസഹായം പ്രോജക്ട് റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലാണ് നൽകുക.

കൂടുതൽ വിവരങ്ങൾക്കും അപേക്ഷകൾ സമർപ്പിക്കുന്നതിനും കൃഷിഭവൻ, കൃഷി അസിസ്റ്റന്റ് ഡയറക്ടർ ഓഫീസുകൾ എന്നിവയുമായി ബന്ധപ്പെടേണ്ടതാണ്.

2. ജനകീയസൂത്രണപദ്ധതിയിൽ ഉൾപ്പെടുത്തി വള്ളിക്കുന്നം കൃഷിഭവൻ പരിധിയിൽ വരുന്ന വെറ്റിലക്കർഷകർക്ക് ജൈവവളം ഉപയോഗിക്കുന്നതിന് സഹായം നൽകുന്നു. കർഷകർ ആനുകൂല്യത്തിനായി കൃഷി ഭവനിൽ അപേക്ഷ സമർപ്പിക്കണമെന്ന് വള്ളികുന്നം കൃഷിഓഫീസർ അറിയിച്ചു. തന്നാണ്ട കരം രസീതി, ബാങ്ക് പാസ്സ് ബുക്ക്, ആധാർ എന്നിവയുടെ പകർപ്പ് അപേക്ഷകർ ഹാജരാക്കണം. കൂടുതൽ വിവരങ്ങൾക്ക് 9447566615 എന്ന നമ്പരിൽ ബന്ധപ്പെടുക.

3. കേരള കാർഷിക സർവകലാശാലയുടെ കീഴിലുള്ള മണ്ണുത്തി കമ്മ്യൂണിക്കേഷൻ സെന്ററിൽ പ്രവർത്തിച്ചുവരുന്ന ഭക്ഷ്യ സംസ്കരണശാലയിൽ പഴങ്ങളും പച്ചക്കറികളും സംസ്കരിച്ച് ഉപഭോക്താവിന്റെ ആവശ്യാനുസരണം വിവിധ മൂല്യവർധിത ഉൽപ്പന്നങ്ങളാക്കി നൽകുന്നു. പാവൽ, വെണ്ട, പയർ തുടങ്ങിയ പച്ചക്കറികൾ കൊണ്ടുള്ള കൊണ്ടാട്ടങ്ങൾ, പൊടികൾ, വിവിധതരം അച്ചാറുകൾ, ജാം, പഴം ഹൽവ, ചില്ലി സോസ്, തക്കാളി സോസ് തുടങ്ങിയ വിവിധങ്ങളായ മൂല്യവർദ്ധിത ഉത്പന്നങ്ങൾ ഇവിടെ തയ്യാറാക്കാൻ സാധിക്കും. കൂടാതെ വാട്ടുകപ്പ പോലുള്ള പഴം പച്ചക്കറികൾ ഉണക്കി സൂക്ഷിക്കേണ്ട പ്രാഥമിക സംസ്കരണവും ചെയ്തു കൊടുക്കുന്നതാണ്. കൂടുതൽ വിവരങ്ങൾക്ക്

**0487-2370773, 8089173650** എന്നീ ഫോൺ നമ്പരുകളിലോ ccmannuthy@kau.in എന്ന ഇ-മെയിൽ മുഖേനയോ ബന്ധപ്പെടാവുന്നതാണ്.

**പരിശീലന പരിപാടികൾ**

4. പത്തനംതിട്ട ജില്ലാ കൃഷി വിജ്ഞാന കേന്ദ്രത്തിന്റെ ആഭിമുഖ്യത്തിൽ **ശാസ്ത്രീയ കൂൺകൃഷി** എന്ന വിഷയത്തിൽ പരിശീലനം സംഘടിപ്പിക്കുന്നു. ഈ മാസം 29-ന് (സെപ്റ്റംബർ 29 ന്) രാവിലെ 10 മുതൽ തെള്ളിയൂരിൽ പ്രവർത്തിക്കുന്ന പത്തനംതിട്ട ജില്ലാ കൃഷി വിജ്ഞാന കേന്ദ്രത്തിൽ വച്ചാണ് പരിശീലനം നടക്കുന്നത്. കൂടുതൽ വിവരങ്ങൾക്കും, പരിശീലനത്തിൽ പങ്കെടുക്കുന്നതിനും 9447801351 എന്ന ഫോൺ നമ്പരിൽ ബന്ധപ്പെടുക.

5. ആലുവ മൃഗസംരക്ഷണ പരിശീലന കേന്ദ്രം മുഖേന ഈ മാസം 28,29 തീയതികളിൽ **കറവപ്പശു പരിപാലനം** എന്ന വിഷയത്തിൽ ഓൺലൈൻ പരിശീലനം നടത്തുന്നു. താല്പര്യമുള്ള കർഷകർ **0484-2631355** എന്ന ഫോൺ നമ്പറിൽ വിളിച്ചോ **9188522708** എന്ന ഫോൺ നമ്പരിൽ പേരും പരിശീലന വിഷയവും വാട്സ് ആപ് സന്ദേശമയച്ചോ രജിസ്റ്റർ ചെയ്യേണ്ടതാണെന്ന് ഡെപ്യൂട്ടി ഡയറക്ടർ അറിയിച്ചു.

6. റബ്ബർബോർഡിന്റെ കീഴിലുള്ള നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഫോർ റബ്ബർ ട്രെയിനിങ് (എൻ.ഐ.ആർ.റ്റി.) **റബ്ബറിന് വളമിടുന്നതിൽ** നാളെ (സെപ്റ്റംബർ 27-ന്) ഉച്ചയ്ക്ക് 02.30 മുതൽ 4.00 മണി വരെ ഓൺലൈൻ പരിശീലനം നടത്തുന്നു. പരിശീലനം സംബന്ധിച്ച കൂടുതൽ വിവരങ്ങൾക്ക് **04812353127** എന്ന ഫോൺ നമ്പരിലോ **7994650941** എന്ന വാട്സ്ആപ്പ് നമ്പരിലോ ബന്ധപ്പെടാം.

**കാർഷിക നിർദ്ദേശങ്ങൾ**

7. കുരുമുളകിൽ **ദ്രുതവാട്ട രോഗം** കാണാനിടയുണ്ട്. രണ്ടു കിലോ **ട്രൈക്കോഡെർമ** 90 കിലോ ചാണകപ്പൊടിയും 10 കിലോ വേപ്പിൻ പിണ്ണാക്കുമായി കൂട്ടികലർത്തി ആവശ്യത്തിന് ഈർപ്പം നിലനിൽക്കത്തക്ക വണ്ണം രണ്ടാഴ്ചത്തേയ്ക്ക് വയ്ക്കുക. ഈ മിശ്രിതത്തിൽ നിന്ന് 2.5 കിലോ വീതം

ഫാം ഇൻഫർമേഷൻ ബ്യൂറോ, തിരുവനന്തപുരം

ഓരോ കുരുമുളക് ചെടിക്ക് ചുവട്ടിലും ഇട്ടു കൊടുക്കുക. രോഗം കൂടുന്ന പക്ഷം ഒരു ശതമാനം വീര്യമുള്ള **ബോർഡോ മിശ്രിതമോ** അല്ലെങ്കിൽ 20 ഗ്രാം **സ്യൂഡോമോണാസ് ഫ്ളൂറസെൻസ്** അല്ലെങ്കിൽ 2.5 ഗ്രാം **കോപ്പർ ഓക്സിക്ലോറൈഡ്** അല്ലെങ്കിൽ 2 ഗ്രാം **കോപ്പർ ഹൈഡ്രോക്സൈഡ്** ഒരു ലിറ്റർ വെള്ളത്തിൽ ചേർത്ത് മണ്ണു കുതിരത്തക്ക വണ്ണം ഒഴിച്ചു കൊടുക്കുകയും ചെടിയിൽ തളിച്ചു കൊടുക്കുകയും ചെയ്യുക.

8. തെങ്ങിൽ ചെമ്പൻ ചെല്ലിയുടെ ഉപദ്രവം കൂടുതലായി കണ്ടു വരുന്നു. തെങ്ങിൻ തടിയിൽ ദ്വാരങ്ങളും, അതിലൂടെ തവിട്ടു നിറത്തിലുള്ള ദ്രാവകവും, ചെല്ലി ചവച്ച നാരുകളും ചണ്ടിയും മറ്റും പുറത്തേയ്ക്ക് വരുന്നത് കണ്ടാൽ ശ്രദ്ധിക്കണം. ഓലയുടെ കടഭാഗം നെടുകെ പിളരുക, നടുംനാമ്പ് വാടിപ്പോവുക എന്നിവയാണ് മറ്റു ലക്ഷണങ്ങൾ. തോട്ടം വൃത്തിയായി സൂക്ഷിക്കുകയാണ് ആദ്യം വേണ്ടത്. തെങ്ങിൽ ഏതെങ്കിലും വിധത്തിൽ മുറിവുണ്ടാകുന്നത് തടയണം. ആക്രമണമുള്ള തെങ്ങിന്റെ ദ്വാരങ്ങൾ കണ്ടു പിടിച്ച് ഏറ്റവും മുകളിലത്തെ ദ്വാരമൊഴികെ ബാക്കിയെല്ലാം അടച്ച ശേഷം മുകളിലെ ദ്വാരത്തിൽ കൂടി ചോർപ്പുപയോഗിച്ച് **ഇമിഡാക്ലോപ്രിഡ്** ഒരു മില്ലി ഒരു ലിറ്റർ എന്ന തോതിൽ ഒഴിച്ചു കൊടുക്കണം.

ഫാം ഇൻഫർമേഷൻ ബ്യൂറോ, തിരുവനന്തപുരം